"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- കോട്ടയം പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിലെ അസാപ് ട്രെയിനി ശ്രീമതി. അശ്വതി ഉണ്ണിയുടെ സേവന കാലാവധി ദീർഘിപ്പിച്ച്- ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ(പിപി) വകുപ്പ്**

സ.ഉ.(സാധാ) നം.3061/2025/LSGD തീയതി,തിരുവനന്തപുരം, 24-12-2025

---

പരാമർശം:-

1. സ.ഉ.(സാധാ)നം.894/2019/തസ്വഭവ തീയതി 26.04.2019
2. സ.ഉ.(സാധാ)നം.1926/2021/തസ്വഭവ തീയതി 06.10.2021
3. പിഎംയു പ്രോജക്ട് ഡയറക്ടറുടെ 08.04.2025 ലെ E1/04/2019-PMULSGD നമ്പർ കത്ത്
4. സ.ഉ(സാധാ)നം.1860/2025/തസ്വഭവ തീയതി 28.07.2025
5. ആസൂത്രണ സാമ്പത്തിക കാര്യ (ആർ.കെ.ഐ) വകുപ്പിന്റെ 19.11.2025 ലെ RKI2/125/2019-PLGEA-Part(2)നമ്പർ അനൗദ്യോഗിക കുറിപ്പ്
6. പിഎംയു പ്രോജക്ട് ഡയറക്ടറുടെ 28.11.2025 ലെ E2/25/2020-PMULSGD നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം(1) ഉത്തരവിന്റെ അടിസ്ഥാനത്തിൽ രൂപീകൃതമായ പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിൽ അസാപിൽ നിന്ന് 14 ബി ടെക്ക് സിവിൽ എഞ്ചിനീയർമാരെ നിയമിക്കുന്നതിന് പരാമർശം(2) പ്രകാരം അനുമതി നൽകിയിതിന്റെ അടിസ്ഥാനത്തിൽ, ശ്രീമതി. അശ്വതി ഉണ്ണിയെ 10.01.2024 തീയതിയിൽ കോട്ടയം പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിൽ നിയമിച്ചിരുന്നു. ടിയാളുടെ സേവനകാലാവധി 09.01.2025 ന് അവസാനിച്ചിരുന്നു. എന്നാൽ ഇടുക്കി ജില്ലയിലെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി പുരോഗമിക്കുന്ന സാഹചര്യത്തിൽ ആർകെഐ പ്രവൃത്തികൾ സംബന്ധിച്ച് വിദഗ്ദ പരിശീലനം ലഭിച്ചിട്ടുള്ള ടിയാളുടെ സേവനം ഇല്ലാതാകുന്നത് നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തെ സാരമായി ബാധിക്കാനിടയുള്ളതിനാൽ ശ്രീമതി. അശ്വതി ഉണ്ണിയുടെ സേവന കാലാവധി ദീർഘിപ്പിച്ചു നൽകേണ്ടതാണെന്ന് കോട്ടയം പിഐയു എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ടിയാളുടെ സേവന കാലാവധി 09.01.2025 മുതൽ ജൂൺ 2025 വരെ ദീർഘിപ്പിച്ചുനൽകേണ്ടി വന്നിട്ടുണ്ടെന്നും ടി നടപടി സാധൂകരിച്ച് നൽകണമെന്നും പരാമർശം(3)

പ്രകാരം പ്രോജക്റ്റ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

പരാമർശം(4) പ്രകാരം പിഎംയു/കോട്ടയം പിഐയു എന്നിവയുടെ പ്രവർത്തനകാലാവധി 2025 ഡിസംബർ മാസം വരെയാണ് ദീർഘിപ്പിച്ചിരിക്കുന്നത്. ആയതിനാൽ ഇതിനനുസൃതമായി ടിയാളുടെ സേവന കാലാവധി 2025 ഡിസംബർ മാസം വരെയോ പിഎംയു വിന്റെ കാലാവധി അവസാനിയ്ക്കുന്നതുവരെയോ ദീർഘിപ്പിയ്ക്കുന്നതുമായി ബന്ധപ്പെട്ട് പിഎംയു വിൽ നിന്നും തുടർന്നും പരാമർശം(5) പ്രകാരം ശിപാർശ ലഭ്യമാക്കി.

ശ്രീമതി. അശ്വതി ഉണ്ണിയുടെ പിഐയു വിലെ സേവനകാലവധി ആകെ മൊത്തം 2 വർഷം പൂർത്തീകരിക്കുന്നതു വരെ അനുവദിയ്ക്കാവുന്നതാണെന്ന നിബന്ധനയോടെ ടിയാളുടെ സേവനകാലാവധി ദീർഘിപ്പിച്ചു നൽകുന്ന ശിപാർശ അംഗീകരിക്കുന്നുവെന്ന് ആസൂത്രണ സാമ്പത്തികകാര്യ (ആർകെഐ) വകുപ്പ് പരാമർശം (5)പ്രകാരം അറിയിച്ചിട്ടുണ്ട്. .നിലവിൽ ടിയാൾ ഒരു വർഷത്തെ സേവനം പൂർത്തീകരിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോട്ടയം പ്രോജക്റ്റ് ഇംപ്ലിമെന്റേഷൻ യൂണിറ്റിലെ അസാപ് ട്രെയിനിയായ ശ്രീമതി. അശ്വതി ഉണ്ണിയുടെ സേവന കാലാവധി 09.01.2025 മുതൽ ജൂൺ 2025 വരെ ദീർഘിപ്പിച്ചു നൽകിയ പ്രോജക്റ്റ് ഡയറക്ടറുടെ നടപടി സാധൂകരിച്ചും നിലവിൽ കോട്ടയം പിഐയു വിന് 2025 ഡിസംബർ മാസം വരെ മാത്രം പ്രവർത്തന കാലാവധി അനുവദിച്ചിട്ടുള്ള സാഹചര്യത്തിൽ, 01.07.2025 മുതൽ 31.12.2025 വരെ ടിയാൾക്ക് സേവനത്തിൽ തുടരാൻ അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUMI SANDIPIKA G MASTERLEY
അണ്ടർ സെക്രട്ടറി

പകർപ്പ്:-

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്

അക്കൗണ്ടന്റ് ജനറൽ, (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ആസൂത്രണ സാമ്പത്തികകാര്യ (ആർകെഐ) വകുപ്പ്

തദ്ദേശ സ്വയംഭരണ(ഇഡബ്ല്യൂ) വകുപ്പ്

വെബ്&ന്യൂമീഡിയ,

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Manju L S
Date: 24-12-2025 16:25:26

സെക്ഷൻ ഓഫീസർ